# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.13/1190/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.13/1190/21 തീയ്യതി: 04/10/2021

## കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 26-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ലേഖ വി, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസി.ഓഡിറ്റ് ഓഫീസർ
സുനിത എം എസ്, അസി.ഓഡിറ്റ് ഓഫീസർ

ജോഷി തോമസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫിലിപ്പോസ് തോമസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ.എൻ. രാധാകൃഷ്ണൻനായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സോണിയ പി മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 11-12-2019 |
| ആഷാറാണി | അസിസ്റ്റന്റ് സെക്രട്ടറി | 12-12-2019 | 31-03-2020 |
| ആഷാരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.സ്വപ്നമഞ്ജരി | എം.ഒ.(പിഎച്ച്സി) | 01-04-2019 | 31-03-2020 |
| സൗധ ഇ.എ. | എം.ഒ.(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.അഞ്ജലി വി | എം.ഒ.(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.കെ.ജിജേഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| പ്രവീൺ ജോൺ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| മഞ്ജു പി.പി. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജൂലി ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഓമന മാത്യു | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| അജിത് കുമാർ വി.എസ്. | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| അരുൺ പി സുരേന്ദ്രൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joshy Thomas (Auditor, On 08-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-10-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Lekha V (Audit Officer, On 09-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-10-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-10 |
| 11 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-10-2021) | 1-11 |
| 12 | തൊഴിൽ നികുതിയും ലൈസൻസുമില്ലാതെ റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Prasad P G (Audit Officer, On 14-09-2021) | 1-12 |
| 13 | വാടക കുടിശ്ശികയിനത്തിലെ അവശേഷിക്കുന്ന തുക ഈടാക്കേണ്ടതാണ്.<br>Written By: Joshy Thomas (Auditor, On 12-09-2021)<br>Last Updated By: Prasad P G (Audit Officer, On 14-09-2021) | 1-13 |
| 14 | വാടക – കരാറിൽ ഏർപ്പെടുന്നതിലും വാടക ഒടുക്കുന്നതിലും വീഴ്ച<br>Written By: Joshy Thomas (Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-14 |
| 15 | സർക്കാർ അനുമതിയില്ലാത്ത തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയത്.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-15 |
| 16 | പാലിയേറ്റീവ് കെയർ-വാഹനവാടക ഉയർന്ന നിരക്കിൽ നല്കിയത്. | 1-16 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | |
| 17 | ബാരൽ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് അടവാക്കിയില്ല<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-17 |
| 18 | പതിനഞ്ചാം വാർഡ് സാംസ്കാരിക നിലയം നിർമ്മാണം - പൂർത്തീകരിച്ചില്ല.<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-18 |
| 19 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരിച്ചില്ല.<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-19 |
| 20 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത്.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-20 |
| 21 | പ്രോജക്ട് നമ്പർ 263/20,കുടുംബശ്രീ ഉല്പന്ന വിപണനകേന്ദ്രം-നിർമ്മിതി കേന്ദ്രത്തിന് അധികതുക നല്കിയത്.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-21 |
| 22 | മരുന്നുകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 25-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 27.3.2020ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 30307882 | 36702882 |
| വരവ് | 183496000 | 72023878 |
| ആകെ | 213803882 | 108726760 |
| ചെലവ് | 213441328 | 64015151 |
| നീക്കിയിരിപ്പ് | 362554 | 44711609 |

ബജറ്റ് പ്രകാരം 18.35 കോടി രൂപയുടെ പ്രതീക്ഷിത വരവും 21.34 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 9.36 കോടി രൂപയും ചെലവ് 8.88 കോടി രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ജീവനക്കാരുടെ തൊഴിൽനികുതി- വാർഷികധനകാര്യ പത്രികയും രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

5) പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ/സ്റ്റേഡിയം ഗ്രൗണ്ട് ബുക്കിംഗ് എന്നിവയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുകൾ രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6) വാർഷിക ധനകാര്യ പത്രികയിലെ B2 ഷെഡ്യൂൾ പ്രകാരം ഡിസ്ട്രസ് റിലീഫ് ഫണ്ടായി 5018 രൂപ വരവുണ്ട്. എന്നാൽ ഈയിനത്തിൽ വരവിലെടുത്ത തുകകൾ ഡിസ്ട്രസ് റിലീഫ് ഫണ്ടിനായി ഉപയോഗിക്കുന്ന അക്കൗണ്ടിലേക്ക് തുക പൂർണ്ണമായും അടക്കാതെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് വരവു വെച്ചതിനാൽ RP40(B) പ്രകാരം 2018 രൂപയാണ് അവശേഷിക്കുന്നത്.

7) ബി 18 ഷെഡ്യൂളിലെ 460100199 (Other Advances) എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 1091 രൂപ മുൻവർഷങ്ങൾ മുതൽ അവശേഷിക്കുന്നുണ്ട്. ഷീ ടോയിലറ്റ് പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുകയുടെ ബാക്കിയാണ് ഇത്തരത്തിൽ അവശേഷിക്കുന്നതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു. അവശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ബി 18 ഷെഡ്യൂളിലെ 460500501 (Advance To Implementing Officers) എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 172696 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

9) ബി 18 ഷെഡ്യൂളിലെ 460600101 (Electricity Deposits) എന്ന ശീർഷകത്തിൽ 20100 രൂപ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.

10) എംജിഎൻആർഇജിഎ കാഷ് ബുക്ക് പ്രകാരമുള്ള തുകകൾ വാർഷിക പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

11) ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുകയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കൃത്യത രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12)സ്ഥിര നിക്ഷേപത്തിന്റെ ബാലൻസ് തുകയിൽ സ്ഥിരനിക്ഷേപ രസീതും, വാർഷിക ധനകാര്യപത്രികയും തമ്മിൽ 4797 രൂപ വ്യത്യാസമുണ്ടായിട്ടുള്ളത്.19-20 ലെ പലിശ തൻവർഷം ഉൾപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസമുണ്ടായിട്ടുള്ളത് .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36702882 |
| ഓഡിറ്റ് വർഷത്തെ വരവ് | 72023878 |
| ആകെ | 108726760 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64015151 |
| നീക്കിയിരിപ്പ് | 44711609 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1672929 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15112075 | 15112075 | 14687493 | 424582 | 97.19 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 4920000 | 4920000 | 3030661 | 1889339 | 61.59 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 1224000 | 1224000 | 1010966 | 213034 | 82.59 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12193006 | 12193006 | 2562815 | 9630191 | 21.01 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 5113000 | 5113000 | 2182220 | 2930780 | 42.67 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 19910000 | 19910000 | 7750564 | 12159436 | 38.92 |
| ഐസിഡിഎസ് ഫണ്ട് | 24000 | 1185051 | 1209051 | 700000 | 509051 | - |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 25047 | 0 | 25047 | 0 | 25047 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1452051 | 0 | 1452051 | 313524 | 1138527 | - |
| എംജിഎൻആർഇജിഎ | 22849 | 13718284 | 13741133 | 13741133 | 0 | |

ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ആകയാൽ നീക്കിയിരിപ്പിലും വ്യത്യാസം കാണുന്നു. എംജിഎൻആർഇജിഎ കണക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്.

മേൽ അപാകതയ്ക്ക് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയോഗം 04/10/2018 ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 22/10/2018 ലും നടക്കുകയുണ്ടായി.പദ്ധതിരൂപീകരണഗ്രാമസഭ 03/11/2018 മുതൽ 15/11/2018 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 27/11/2018 ലെ വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത്കമ്മിറ്റിയുടെ 05/03/2020ലെയോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു.വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 09-03-2020ലെ 2707/18/DPC/DPO/KTMഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതിയുടെ വിശദാംശങ്ങൾ.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 1262311 | 863049 |
| 2 | വെറ്ററിനറി സർജൻ | 9 | 8 | 8479500 | 2458786 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 3 | 840000 | 840000 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 3 | 155000 | 154332 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 4 | 4 | 665000 | 662199 |
| 6 | വി.ഇ.ഒ - 1 | 10 | 9 | 8115677 | 4192030 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 10 | 9 | 7166080 | 6158251 |
| 8 | സെക്രട്ടറി | 35 | 23 | 28456757 | 11370567 |
| 9 | ഹെഡ് മാസ്റ്റർ | 10 | 7 | 1485000 | 698610 |
| 10 | വി.ഇ.ഒ - 2 | 12 | 10 | 20042206 | 4209418 |
| 11 | അസി.എൻജിനീയർ | 189 | 63 | 46569273 | 11004136 |
| 12 | ഡയറി ഫാം ഇൻസ്പക്ടർ. | 1 | 1 | 900000 | 800000 |
| 13 | അസി.സെക്രട്ടറി. | 6 | 3 | 1440145 | 598697 |
| | ആകെ | 302 | 152 | 125576949 | 44010075 |

അംഗീകാരം കിട്ടിയ 302 പ്രോജക്ടുകളിൽ 152 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 35 ശതമാനമാണ് ചെലവ്.നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ഭവനവായ്പ മുതൽ തിരിച്ചടവ് ആണ് വാർഷികപദ്ധതിയിലെ കൂടുതൽ ചെലവുള്ള പ്രോജക്ട്.ഹരിതകർമ്മസേനയ്ക്ക് വേണ്ടി വയബിലിറ്റി ഗ്യാപ് ഫണ്ട്,ഹരിതസഹായസ്ഥാപനത്തിന് തുക നല്കൽ എന്നീയിനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഹരിതകർമ്മ സേനാപ്രവർത്തനം നിലവിൽ കാര്യക്ഷമമല്ല.വി.ഇ.ഒ നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി, വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകളിലൂടെ ,എസ്.സി,എസ്.ടി വിഭാഗങ്ങളുൾപ്പെടെ നിരവധിയാളുകൾക്ക് വാസയോഗ്യമായ വീടുകൾ തയാറായി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ഏതാനും പ്രോജക്ടുകളിലൂടെ പ്രവൃത്തികളുടെ നിർവഹണത്തിന് ചെറുകിടജലസേചന വകുപ്പ് ,കെ.എസ്.ഇ.ബി ,ഭൂജലവകുപ്പ് എന്നീ ഏജൻസികൾക്ക് തുക കൈമാറിയെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി ഉണ്ടായില്ല.

റോഡ് കോൺക്രീറ്റിംഗ്,റോഡ് ടാറിംഗ്,സാംസ്കാരികനിലയങ്ങൾ, അങ്കണവാടികൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ,കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണപ്രവൃത്തികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.ആകെ അംഗീകാരം ലഭിച്ച 189 പ്രോജക്ടുകളിൽ 47 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്.ഇവയിൽ 17എണ്ണം നടപ്പിലാക്കിയില്ല.ആകെ നടപ്പാക്കിയ 63പ്രോജക്ടുകളിൽ 30 സ്പിൽ ഓവർ ഒഴിച്ച്

പുതുതായി അംഗീകാരം വാങ്ങിയ142എണ്ണത്തിൽ 33 എണ്ണം മാത്രമാണ് തൻവർഷം ഏറ്റെടുത്തത്.അതായത് 109 എണ്ണം നടപ്പാക്കിയില്ല.ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്.ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

2019-20വാർഷികപദ്ധതിയിൽ ഏറ്റെടുത്ത ആകെ പ്രോജക്ടുകൾ 302എണ്ണവും നടപ്പാക്കിയത് 152എണ്ണവുമാണ്.അവയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ യഥാക്രമം 77,57 എന്നിങ്ങനെയാണ് അംഗീകാരം ലഭിച്ചതും നടപ്പിലാക്കിയതും .സ്പിൽ ഓവർ പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്നതിൽ നിന്ന് ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കുന്നതല്ലയെന്നാണ് വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല.കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചുമതല നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ല.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 150 പ്രോജക്ടുകളിൽ 59 എണ്ണമാണ് തൻവർഷം നടപ്പിലാക്കിയത് . 38991 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 646 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 208 അയൽക്കൂട്ടങ്ങളിൽ 168 എണ്ണം പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ഫലവൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ , മഴക്കുഴി, കിണർ റീചാർജ്ജ് എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എ ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 22849 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 12414209 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 1304075 | |
| ആകെ വരവ് | | | 13741133 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 10669721 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 278843 | |
| | ഉപകരണങ്ങളുടെ വില, വാടക | 1465645 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1326924 | |
| ആകെ ചെലവ് | | | 13741133 |
| നീക്കിയിരിപ്പ് | | | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38,520 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 1,077,000 | 283 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 3,555,600 | 984 |
| വാർദ്ധക്യകാലപെൻഷൻ | 9,684,900 | 2617 |
| വികലാംഗപെൻഷൻ | 1,092,900 | 306 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 160,200 | 40 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-08-2021 3.20 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72019/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ മെച്ചപ്പെട്ടിരുന്നതായാണ് കാണപ്പെട്ടത്. ഓരോജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക,ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്.പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്.സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും ,സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട് . ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനില്ക്കുന്നു .അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച തുടർ പരിശോധനകൾ ഉണ്ടാകുന്നില്ല.വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ്കാര്യക്ഷമമായിരുന്നില്ല. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭായോഗങ്ങൾ ചേരുന്നതിലും മിനിറ്റ്സുകൾ ശരിയായി പൂർത്തീകരിക്കുന്നതിലും പല പഞ്ചായത്ത് അംഗങ്ങളും വീഴ്ച വരുത്തിയതായി ഗ്രാമസഭാ മിനിറ്റ്സ് ബുക്കുകളിൽ നിന്ന് വ്യക്തമാകുന്നു.വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധപുലർത്തിയില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2017 – 14.07.2017 | 2012-13മുതൽ 2016-17വരെ | LBA(HQ)II/8A-2650/17-18/151 തീയതി 21.08.17 |
| പെർഫോമൻസ് ഓഡിറ്റ് | 24.05.2009 | 01.03.2019-30.04.2019 | ലഭ്യമായില്ല |

## 1-11 വസ്തുനികുതി കുറവായി നിർണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് താഴെയുള്ളള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 40/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 55/ച.മീ. എന്ന നിരക്കമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ ശ്രീ. ലാൽസി പോൾ പാമ്പാടിക്കണ്ടത്തിൽ എന്ന വ്യക്തിയുടെ പേരിലുള്ള 16/675/B, 16/675/C എന്നീ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടം 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെ തുടർന്ന് 2 കെട്ടിടങ്ങളും 40 രൂപയിൽ നിന്നും 55/ച.മീ ആയി ഉയർത്തി നികുതി പുന ക്രമീകരിച്ച് വിവരം അറിയിച്ചു. പുതുക്കിയ നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതിയും ലൈസൻസുമില്ലാതെ റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ 20 വാർഡുകളിലായി ഒട്ടേറെ റേഷൻ പൊതുവിതരണ കേന്ദ്രങ്ങളും അബ്കാരി ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു സ്ഥാപനവും സ്ഥാപന തൊഴിൽനികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടവാക്കുന്നില്ലെന്ന കാണുന്നു.

കൂടാതെ റേഷൻ പൊതുവിതരണ കേന്ദ്രങ്ങളും അബ്കാരി ഷാപ്പുകളും പഞ്ചായത്തിൽ നിന്നും ആവശ്യമായ ലൈസൻസെടുക്കാതെയാണ് പ്രവർത്തിച്ചു വരുന്നത്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ലെ ക്രമ നം. 139, 149 എന്നിവ പ്രകാരം അബ്കാരി ഷാപ്പുകൾ സംഭരണവും വിൽപ്പനയും നടത്തൽ, റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പ് എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ലൈസൻസ് യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 വാടക കുടിശ്ശികയിനത്തിലെ അവശേഷിക്കുന്ന തുക ഈടാക്കേണ്ടതാണ്.

11/2015 മുതൽ 2/2018 വരെ വാടക കുടിശ്ശിക (29845 രൂപ വാടക + പിഴപ്പലിശ + 615) വരുത്തിയ എൻ.ജെ.പ്രസാദ് എന്നയാൾക്കെതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും ടിയാളിൽ നിന്നും 10167 രൂപ (രസീത് നം.120020400028/23.11.20 ) ഈടാക്കിയതായും കാണുന്നു. ബാക്കി തുക ടിയാളിൽ നിന്നും ഈടാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12) ബഹു .ജില്ലാ കളക്ടറുടെ 22.10.20 ലെ 2019/6059/05/1/DCKTM ഉത്തരവ് പ്രകാരം കുടിശ്ശിക തവണകളായി അടയ്ക്കുവാൻ ഉത്തരവായതിനാൽ കുടിശ്ശികയുടെ ആദ്യ തവണയാണ് അടവാക്കിയിട്ടുള്ളതെന്ന മറുപടി നല്കി. കുടിശ്ശികയിനത്തിലെ ബാക്കി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വാടക – കരാറിൽ ഏർപ്പെടുന്നതിലും വാടക ഒടുക്കുന്നതിലും വീഴ്ച

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നല്കിയിട്ടുള്ള കുത്തകക്കാർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം | വാടകക്കാരൻ | പ്രതിമാസ വാടക | വാടക ഒടുക്കേണ്ട കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | NSC 1 | അമ്പിളി.കെ.റ്റി | 3000 | 8/19 -3/21 | - |
| 2 | NSC 27,28,29,30 | സെക്രട്ടറി, ഹൗസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 3670 | 4/19-3/21 | - |
| 3 | MSS7 | തങ്കച്ചൻ, വരിക്കപ്പ്ളാക്കൽ | 551 | 4/18-3/21 | 19-20 വർഷം കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 4 | MSS 15,16 | കുരുവിള മാണി | 1102 | 4/18-3/21 | 19-20 വർഷം കരാറിൽ ഏർപ്പെട്ടിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 5 | MSS 18 | ശേഖരൻ, ചുക്കുപറമ്പിൽ | 551 | 4/18-3/21 | 19-20 വർഷം കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 6 | MSS 13,14 | കുരുവിള വർഗ്ഗീസ് | 1102 | 12/19-3/20 | - |

ടി കുത്തകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 ) ടിയാളുകളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് RR Online നോട്ടീസ് നല്കിയിട്ടുണ്ടെന്നും ടിയാളുകൾക്കെതിരെ അടിയന്തിരമായി RR Online ഫയൽ ചെയ്യുന്നതാണെന്നും മറുപടി നല്കി. ക്രമ നം. 1 മുതൽ 5 വരെയുള്ള കുത്തകക്കാർ നിലവിലും വാടക ഒടുക്കാതെ തന്നെ ടി മുറികൾ ഉപയോഗിച്ചു വരുന്നതായി കാണുന്നു. വാടക കുടിശ്ശികയുള്ള ടി കുത്തകക്കാരെ ഓരോ സാമ്പത്തിക വർഷവും കരാറിൽഏർപ്പെടാതെയും കുടിശ്ശിക ഈടാക്കാതെയും ഇപ്രകാരം തുടരാൻ അനുവദിക്കുന്നതും പഞ്ചായത്ത്കടമുറികൾ കൈവശം വച്ച് ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതും വാടക ഈടാക്കാതിരിക്കുന്നതും ക്രമപ്രകാരമല്ല.വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു .

## 1-15 സർക്കാർ അനുമതിയില്ലാത്ത തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയത്.

2019-20സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഡേറ്റ എൻടി ഓപ്പറേറ്റർ എന്ന തസ്തികയിൽ പാർവതി.വി. എന്നയാളെ 4/19 മുതൽ 8/19 വരെ പ്രതിദിനം 725/-രൂപ നിരക്കിലും, 9/19മുതൽ 3/20 വരെ പ്രതിദിനം 740/-രൂപ നിരക്കിലും ദിവസവേതനത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ടിയാൾക്ക് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | നൽകിയ വേതനം | വൗച്ചർ നം. / തീയതി | ചെക്ക് നം. / തീയതി |
|---|---|---|---|
| 4/19 | 18125 | 21900010/3.4.19 | 2152749/4.4.19 |
| 05/19 | 15225 | 2190064/2.5.19 | 2152751/3.5.19 |
| 06/19 | 7975 | 21900183/12.6.2019 | 591334/12.6.19 |
| 07/19 | 14862 | 21900292/5.7.2019 | 4993/5.7.2019 |
| 8/19 | 7975 | 21900436/6.8.19 | 591366/6.8.19 |
| 9/19 | 17020 | 21900534/3.9.19 | 4925/3.9.19 |
| 10/19 | 9990 | 21900618/3.10.19 | 215276/4.10.19 |
| 11/19 | 13320 | 21900729/2.11.19 | 2152770/2.11.19 |
| 12/19 | 16280 | 21900868/2.12.19 | 226304 |
| 1/20 | 16280 | 21900971/1.1.20 | 0470/1.1.20 |
| 2/20 | 17020 | 21901075/3.2.20 | 0497/3.2.20 |
| 3/20 | 16280 | 21901282/2.3.20 | 0317669/2.3.20 |
| ആകെ | 170352/- | | |

സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിലേയ്ക്ക് ദിവസന വേതനത്തിന് നിയമനം നടത്തുന്നത് നിലവുള്ള നിയമങ്ങൾക്ക് വിരുദ്ധമാണ്.സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.ഇപ്രകാരമുള്ള മുൻകൂർ അനുമതി സർക്കാരിൽ നിന്നും വാങ്ങാതെ ഡേറ്റാ എൻടി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി(8)ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ വേക്കൻസി നിലവിലുണ്ടായിരുന്നതു കൊണ്ടാണ് ഇപ്രകാരം നിയമനം നടത്തിയതെന്ന് അറിയിച്ചിരുന്നു. വിവിധ ഡാറ്റഎൻടി പ്രവൃത്തികൾ നിർവ്വഹിച്ചതിനാൽ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതെ സേവനങ്ങൾ കൃത്യമായി നൽകുന്നതിന് ടി നിയമനം വഴി സാധിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിരുന്നു. സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിലേയ്ക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങി വേണം നിയമനം നടത്തേണ്ടത്.

## 1-16 പാലിയേറ്റീവ് കെയർ-വാഹനവാടക ഉയർന്ന നിരക്കിൽ നല്കിയത്.

വികസനഫണ്ട് വിനിയോഗിച്ച് മെഡി.ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട് 14/20 പ്രകാരം KL5 AF 1519 എന്ന നമ്പർ വാഹനം 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ പ്രതിദിനം 950/രൂപ വാടകയ്ക്ക് സമ്മതിച്ച് രാജപ്പൻ.എം.എ എന്ന വ്യക്തി മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ക്ക് ക്വട്ടേഷൻ നല്കിയതനുസരിച്ച് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ എന്ന നിലയിൽ അംഗീകരിച്ച് പ്രോജക്ട് പ്രകാരമുള്ള ആവശ്യത്തിന് ഉപയോഗിച്ച് വരികയും 1/2020വരെ ദിവസം 950/രൂപ നിരക്കിൽ ഓട്ടുകയും ചെയ്തു. ടിയാനുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ഇല്ല.എന്നാൽ 2/2020മാസത്തെ വാഹന വാടകയായി ട്രഷറിബിൽ CB No.23/19-20 പ്രകാരം 16 ദിവസത്തെ (1,3,4,6,7,10,11,13,15,17,18,19,20,22,24,25/2/2020)വേതനം നല്കിയത് ദിവസം 1200/രൂപ നിരക്കിൽ 19200രൂപയാണ്.(16 X 1200 ) (ആകെ ബിൽതുക 38640/) അതായത് അംഗീകരിച്ച തുകയിലേക്കാൾ 250/ വീതം അധികം .ആകെ 16ദിവസത്തേക്ക് അധികമായി നല്കിയത് 250 X 16 =4000/രൂപ.

ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചതിലധികമായി 4000/രൂപ നല്കിയതുസംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 9) മെഡിക്കൽ ഓഫീസർ നല്കിയ മറുപടി 02/2020മുതൽ വാഹനത്തിന് 1200/ രൂപ വാടക സമ്മതിക്കുകയും ആയതിന് പി.എം.സി അംഗീകാരം നല്കിയിട്ടുണ്ടെന്നുമാണ്.എന്നാൽ പി.എം.സി മിനിറ്റ്സിൽ ഇപ്രകാരം തീരുമാനമെടുത്തതിന്റെ വിവരങ്ങൾ ഇല്ല. മാത്രമല്ല പി.എം.സി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ നിരക്ക് വർധനയുൾപ്പെടെ നടപ്പാക്കാൻ പാടുള്ളു എന്നിരിക്കെ മതിയായ തീരുമാനവും അനുമതിയുമില്ലാതെ അധികനിരക്കിൽ വാഹനവാടക നല്കിയത് അംഗീകരിക്കുന്നില്ല.4000/രൂപയുടെ ചെലവ് നിരാകരിക്കുന്നു.തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നീടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-17 ബാരൽ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/ തസ്വഭവ30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത് (18 % ജിഎസ്ടി ഉൾപ്പെടെ). ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും ജി.എസ്.ടി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പതിനഞ്ചാം വാർഡ് സാംസ്കാരിക നിലയം നിർമ്മാണം - പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | 273/20, സാംസ്കാരികനിലയം നിർമ്മാണം<br>പൂർത്തീകരണം വാർഡ് 15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| ചെലവ് | 2,28,759 രൂപ<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>(ബിൽനം -12/11.06.19- 63829 രൂപ,<br>ബിൽനം -19/11.06.19- 164930 രൂപ,) |

പതിനഞ്ചാം വാർഡിലെ സാംസ്കാരികനിലയം നിർമ്മിക്കുന്നതിനായി 2017-18വർഷം എസ്റ്റിമേറ്റ് തയ്യാറാക്കി 2018-19 വർഷം വരെ 968994/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ പാലിച്ചിരുന്നില്ല. തുകയ്ക്ക് അനുസൃതമായി കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തത്. എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ ഭിത്തി നിർമ്മാണം , തറ ഫിൽ ചെയ്യൽ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ബീമുകളുടെ നിർമ്മാണം , അലുമിനീയം ട്രഫോർഡ് ഷീറ്റ് മേയൽ എന്നീ പ്രവൃത്തികളാണ് 2019-20 ൽ പൂർത്തീകരിച്ചിരിക്കുന്നത്. 10/09/21 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ തുടർന്ന് നിർമ്മാണ പ്രവർത്തനം ഒന്നും നടന്നിട്ടില്ലെന്ന് കണ്ടു. . പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത്

മൂലം ആസ്തിയുടെ പ്രയോജനം ബന്ധപ്പെട്ട കോളനി നിവാസികൾക്ക് നാളിതുവരെ ലഭിച്ചിട്ടില്ല.കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായുള്ള പ്രോജക്ട് ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം ഫലപ്രാപ്തിയിലെത്തിയിട്ടില്ലാത്തതിനാൽ 2019-20 വർഷം ചെലവഴിച്ച 2,28,759 -രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കുടിവെള്ള പദ്ധതികൾ - പൂർത്തീകരിച്ചില്ല.

13-ാം വാർഷികപദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുവാൻ ഏതൊക്കെ ഇനം പ്രവൃത്തികൾ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഉൾപ്പെടുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥ പാലിച്ചല്ല കുടിവെള്ള പ്രോജക്ടുകൾ വിഭാവനം ചെയ്തിരിക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഭാഗികമായി പ്രവൃത്തി നടപ്പാക്കിയ പല കുടിവെള്ള പ്രോജക്റ്റുകളും 2020-21 വർഷം പൂർത്തീകരിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് തൻവർഷം ഭാഗികമായി നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു.

| പ്രോ.നം &പേര് | ചെലവഴിച്ച തുക | തൻവർഷം നടപ്പാക്കിയ ഭാഗിക പ്രവൃത്തികൾ | റിമാർക്സ് |
|---|---|---|---|
| 238/20 മെയ്യാരപ്പള്ളിക്കുന്ന് കുടിവെള്ളപദ്ധതി | 83,636 (ധനകാര്യകമ്മീഷൻ അവാർഡ്) (ബിൽ നം. 15/11.06.19) | കിണർ നിർമ്മാണം | പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല |
| 264/20 പറക്കാവ് കുടിവെള്ളപദ്ധതി | 3,00,000 (ധനകാര്യകമ്മീഷൻ അവാർഡ്) (ബിൽ നം. 18/11.06.19) | വാട്ടർ ടാങ്ക് , പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ | വിതരണ ലൈൻ പൂർത്തീകരിച്ചിട്ടില്ല. |

മേൽപ്പറഞ്ഞ കുടിവെള്ളപദ്ധതികളുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാത്ത സാഹചര്യത്തിൽ 2019-20 ൽ ചെലവഴിച്ച 3,83,636 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കരാർ പ്രകാരം കൈമാറി നൽകാനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-20 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ 2019-20 വാർഷികപദ്ധതികളുടെ നിർവഹണത്തിനായി ചുവടെ ചേർക്കും പ്രകാരം നിർവഹണ ഏജൻസികൾക്ക് തുകകൾ കൈമാറുകയുണ്ടായി.എന്നാൽ നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നം,പേര് | നിക്ഷേപതുക/ ഫണ്ട് | ബിൽ /ചെക്ക് | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 50, വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. | 49560/ വികസനഫണ്ട്. 10466/ തനതുഫണ്ട്. ആകെ - 60026/ | 36/2019-20/ 30-01-2020 ചെക്ക്നം.226387/ 13-03-2020 | കെ.എസ്.ഇ.ബി, കറുകച്ചാൽ. കെ.എസ്.ഇ.ബി, കുരോപ്പട. |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 218,കുറിയന്നൂർക്കുന്ന് മൃഗാശുപത്രി കുടിവെള്ളപദ്ധതി പൂർത്തീകരണം. | 150000/ മെയിന്റനൻസ് ഗ്രാന്റ്,റോഡിതരം. | 25/2019-20/ 24-10-2019 | ഭൂജലവകുപ്പ്. |
| 3 | 271,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ രണ്ടാം ഘട്ടം. | 238951/ ധനകാര്യകമ്മീഷൻ ഗ്രാന്റ്. 479173/ ബ്ലോക്ക് വിഹിതം. ആകെ - 718124/ | 13/2019-20/ 09-07-2019. ചെക്ക്നം.0317662/ 17-07-2019 | കെ.എസ്.ഇ.ബി, പാമ്പാടി. |
| 4 | 342,വിവിധ വാർഡുകളിൽ തടയണ മെയിന്റനൻസ്. | 100000/ തനത് ഫണ്ട്. | അക്കൗണ്ട് ട്രാൻസ്ഫർ ചെക്ക്നം.5216908/ 20-03-2020 | ചെറുകിട ജലസേചനവകുപ്പ്. |
| 5 | 345, 6ാം വാർഡിലെ കുഴൽകിണർ കുടിവെള്ള പദ്ധതി പൂർത്തീകരണം. | 27170/ തനത് ഫണ്ട് | അക്കൗണ്ട് ട്രാൻസ്ഫർ ചെക്ക്നം.2152786/ 23-01-2020 | ഭൂജലവകുപ്പ്. |
| | ആകെ | 1055320/ | | |

തുക നിക്ഷേപിച്ച് നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആകെ 1055320/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പ്രോജക്റ്റ് നമ്പർ 263/20,കുടുംബശ്രീ ഉല്പന്ന വിപണനകേന്ദ്രം-നിർമ്മിതി കേന്ദ്രത്തിന് അധികതുക നല്കിയത്.

2017-18 ലാരംഭിച്ച് സ്പിൽഓവറായി തുടരുന്ന പൊതുവിഭാഗം വികസനഫണ്ട് 781500/രൂപ,തനത് ഫണ്ട് 831000/ ഉൾപ്പെടെ 1612500/രൂപ അടങ്കലുള്ള കുടുംബശ്രീ ഉല്പന്ന വിപണനകേന്ദ്രം,ഫീഡിംഗ് റൂം,വനിതവിശ്രമകേന്ദ്രം,എം.സി.എഫ് എന്ന പ്രോജക്റ്റ് നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം തയാറാക്കുകയുണ്ടായി.നിർമ്മിതികേന്ദ്രത്തിന്റെ എസ്റ്റിമേറ്റാവട്ടെ കേവലം കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം മാത്രമാണ് ഉൾപ്പെടുന്നത്.സർവീസ് ടാക്സുൾപ്പെടെ 2150000/രൂപയുടെ എസ്റ്റിമേറ്റാണ് നിർമ്മിതികേന്ദ്രം നല്കിയത്.പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് 2018 മാർച്ച് 7 ന് പഞ്ചായത്ത് കോട്ടയം നിർമ്മിതികേന്ദ്രവുമായി കരാർ വച്ചു.

പ്രവൃത്തിയുടെ ഫയൽ,ബിൽ ,എം ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്ന് പ്രവൃത്തിയിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണപ്പെട്ടു.

1.പ്രോജക്റ്റ് ലക്ഷ്യപ്രാപ്തിക്കുതകുംവിധമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്താതെ സ്ട്രക്ചർപ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്.എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തി പൂർത്തിയായാലും നിർമിക്കുന്ന ഭാഗം പ്രോജക്റ്റ് പ്രകാരമുള്ള ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നില്ല.

2. 2150000/രൂപയുടെ എസ്റ്റിമേറ്റിൽ പതിനൊന്നര ലക്ഷം രൂപയുടെ പ്രവൃത്തിമാത്രമാണ് ചെയ്തത്. ഭാഗികമായി ചെയ്ത പ്രവൃത്തിയിൽ ഫൈനൽ ബിൽ നൽകിയതിന്റെ കാരണം വ്യക്തമല്ല.

3.നിർമ്മിതികേന്ദ്രത്തിന് നല്കിയതുകയിലും അപാകതകളുണ്ട്.2016 ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമുള്ളത് ജി.എസ്.ടി ഉൾപ്പെടുത്തിയുള്ളതാണ്.ഡി.എസ്.ആർ 37.29 കോസ്റ്റ് ഇൻഡക്സ് ആയി ജി.എസ്.ടി ഇല്ലാത്ത നിരക്ക് പ്രാബല്യത്തിൽ വന്ന ശേഷമാണ് കരാറുകാർക്ക് 12% കൂട്ടി നല്കാൻ അനുമതിയുള്ളത്. അതുപ്രകാരം നിർമ്മിതികേന്ദ്രത്തിന് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

| അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|
| പ്രവൃത്തിമൂല്യം -1167054<br>കൂട്ടുക-ജി .എസ്.ടി&<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി -151717<br>ആകെ -1318771<br>കുറയ്ക്കുക<br>ആദായനികുതി- 24517<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി - 12258<br>നിർമ്മിതികേന്ദ്രത്തിന് -1281996.<br>ബില്ലുകൾ.<br>മുൻകൂർ -537500/<br>CB-2/19-20/27-04-19 -330340/<br>CB27/19-20/31-10-19- 450931/ | പ്രവൃത്തിമൂല്യം -1167591.<br>കുറയ്ക്കുക<br>ജി.എസ്.ടി 2% -23352<br>ആദായനികുതി 1%-11676<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി 1% - 11676<br>നിർമ്മിതികേന്ദ്രത്തിന് -1120887<br>അധികമായി നല്കിയത്-161109. |

4.കരാർ വ്യവസ്ഥ (8)പ്രകാരം അനുവദിക്കാവുന്ന മുൻകൂർതുക എസ്റ്റിമേറ്റിന്റെ 20% മാത്രമാണ് .എന്നാൽ 25% ആണ് അനുവദിച്ചത്. ഇപ്രകാരം അധികം നല്കിയത് മുൻകൂർ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ലംഘനമാണ്.

ബാക്കിനല്കാനുള്ളതിൽ 95% തുക മൂല്യനിർണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് 15% വീതം 5 ഗഡുക്കളായും അവസാനഗഡു പ്രവൃത്തിപൂർത്തീകരിച്ചശേഷവും മാത്രമേ നല്കാൻ പാടുള്ളൂ.എന്നാൽ ഇപ്രകാരമുള്ള നിബന്ധനകളൊന്നും പാലിക്കാതെ ഭാഗികമായി പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് മുഴുവൻ തുകയും നല്കി.

5.കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ കെട്ടിടനിർമ്മാണം,അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ,പ്ലംബിംഗ് എന്നിവയെല്ലാം ഉൾപ്പെടുത്തിയ പ്രോജക്ട് തയാറാക്കണമെന്നും ,ബഹുവർഷ പ്രോജക്ടിൽ ഓരോവർഷവും പൂർത്തീകരക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ട അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കണമെന്നുമുള്ള വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

5. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സർവീസ് ടാക്സ് നിലവിൽ ഇല്ലാത്തതാണ്.മറ്റുചാർജ്ജുകളൊന്നും ഡിമാന്റ് ചെയ്യാത്ത സാഹചര്യത്തിൽ ജി.എസ്.ടി ഉൾപ്പെട്ട നിരക്കിനൊപ്പം വീണ്ടും ജി.എസ്.ടി ചേർത്ത് അധികമായി തുകനല്കിയത് അംഗീകരിക്കുന്നില്ല. അധികചെലവ് 161109/നിരാകരിക്കുന്നു. ടി തുക നിർമ്മിതികേന്ദ്രത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടത് നിയമന ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയാണ്.

## 1-22 മരുന്നുകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു.

മെഡി.ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് 918/30-08-2019 പ്രകാരം 104081/രൂപ പാലിയേറ്റീവ് കെയർ പ്രോജക്ടിന് വകയിരുത്തിയ വികസനഫണ്ടിൽ നിന്ന് ട്രഷറിബിൽ CB No.7/2019-20/07-09-2019 മുഖേന മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് (PUNB0362400)നല്കുകയുണ്ടായി.എന്നാൽ വിവിധ ബില്ലുകൾ പ്രകാരം 98867/രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത് .വിവിധ ബില്ലുകളുടെയും ലഭ്യമായ മരുന്നുകളുടെ വിലയും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബില്ല്/തീയതി | മരുന്നുകളുടെ വില |
|---|---|---|
| 1 | 3472/30-05-20 | 854/ |
| 2 | 1949/18-03-20 | 14478/ |
| 3 | 6845/10-09-20 | 1993/ |
| 4 | 6289/21-09-19 | 24154/ |
| 5 | 1327/27-11-19 | 5364/ |

| | | |
|---|---|---|
| 6 | 8913/27-11-19 | 13676/ |
| 7 | 12657/26-03-20 | 3785/ |
| 8 | 2224/12-05-20 | 32193/ |
| 9 | 634/19-05-20 | 2370/ |
| | ആകെ | 98867/ |

5214/രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 5214/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 6.09.21- 7.9.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 172478 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 172478 | 0 |
| ജില്ലാ പഞ്ചായത്ത് | 210000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 210000 | 0 |
| | 105800 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 105800 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | കറിയന്നൂർകുന്ന് മൃഗാശുപത്രി കുടിവെള്ള പദ്ധതി പൂർത്തീകരണം(218/20) | 150000 | 0 | 150000 |
| ഭൂജല വകുപ്പ് | 6-ാം വാർഡിലെ കുഴൽക്കിണർ കുടിവെള്ള പദ്ധതി പൂർത്തീകരണം | 27170 | 0 | 27170 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 60026 | 0 | 60026 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ രണ്ടാം ഘട്ടം | 718124 | 0 | 718124 |
| ചെറുകിട ജലസേചന വകുപ്പ് | വിവിധ വാർഡുകളിൽ തടയണ മെയിന്റനൻസ്. | 100000 | 0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) 20000000/- രൂപ | സ ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | 1,99,20,000 | 11860000 | 60000 | 4000000 | 7,920,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | ആകെ |
|---|---|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1836196 | 1918887 | 3755083 |
| തൻവർഷം നിക്ഷേപിച്ച | - | - | - |

| | | | |
|---|---|---|---|
| തുക | | | |
| പലിശ | 151486 | 163105 | 314591 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1987682 | 2081992 | 4069674 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ സ്ഥിര നിക്ഷേപം 4064877രൂപയാണ് പലിശയിനത്തിൽ 2019-20 ൽ ലഭിച്ച 4797 രൂപ തൻവർഷം ചേർത്തതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. ആയത് 2020-21 ൽ ക്രമീകരിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 19805 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ ലഭ്യമായില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2011-12 | 2-6 | കെഎസ്ഇബി – നിക്ഷേപ പ്രവൃത്തി – 5,65,742/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2009-10 | 3-2 | 2011-12 | 2-6 | കേരള വാട്ടർ അതോറിറ്റി – 3,79,000/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1999-02 ജനകീയാസൂത്രണ പദ്ധതി | ഖണ്ഡിക 10 | 2003-04 | ഖണ്ഡിക 35-3 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു (25,000/- രൂപ) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72023878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64015151 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1672929 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-16 | | 4000 | ഡോ.സ്വപ്ന മഞ്ജരി, മെഡിക്കൽ ഓഫീസർ, അലോപ്പതി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 228759 | ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 383636 | ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 1055320 | കെ എൻ രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| 1-22 | 5214 | ഡോ.സ്വപ്ന മഞ്ജരി, മെഡിക്കൽ ഓഫീസർ, അലോപ്പതി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ എൻ രാധാകൃഷ്ണൻ നായർ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, കോട്ടയം | കുന്നേൽ താഴെ, ചമ്പക്കര പി.ഒ, കറുകച്ചാൽ |
| ഡോ.സ്വപ്ന മഞ്ജരി, മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണർകാട് | തിരുവാതിര, പൊൻകുന്നം പി.ഒ |
| ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | തുണ്ടിയിൽ, കിടങ്ങറ പി.ഒ, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- |
| 1998-99 (DCB) | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(2)/ 1.2.18 | 2 |
| 1998-99 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(3)/ 1.2.18 | 4 |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- |
| 2002-03 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(4)/ 1.2.18 | 4 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(5)/ 1.2.18 | 2 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(6)/ 1.2.18 | 6 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(7)/ 1.2.18 | 3 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(8)/ 1.2.18 | 1 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(9)/ 1.2.18 | 5 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(10)/ 1.2.18 | 2 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(11)/ 1.2.18 | 7 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(12)/ 1.2.18 | 10 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(13)/ 1.2.18 | 16 |
| 2012-13 | എൽ.എഫ്.കെ.പി.12/22/15/6.10.15/ 13.11.15 | 14 |
| 2013-14,14-15 | എൽ.എഫ്.കെ.പി.12/910/16/8.8.16/ 23.8.1616 | 15 |
| 2015-16 | കെ.എസ്എ.കെടിഎം.പി13/672/17/19.1.18 | 16 |
| 2016-17 | കെ.എസ്എ.കെടിഎം.പി13/1495/ 17/22.1.18 | 17 |
| | | |

| | | |
|---|---|---|
| 2017-18 | കെ.എസ്എ.കെടിഎം.പി13/437/ 19/27.04.19 | 27 |
| 2018-19 | നം. കെ.എസ്.എ-കെ.ടി.എം.പി.13/1701/2019 | 38 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്